പേരാംപ്ര ഗവൺമെന്റ് സി. കെ. ജി. കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ നടപടി

59 [1462] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാംപ്ര ഗവൺമെന്റ് സി. കെ. ജി. കോളേജിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) അടുത്ത കാലത്ത് അനുവദിച്ച കോഴ്സുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ ;

(സി) കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഈ കോളേജിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മറ്റു നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) പേരാംപ്ര ഗവൺമെന്റ് സി. കെ. ജി. കോളേജിൽ 2005-2006 വർഷം എം. കോം. കോഴ്സ് തുടങ്ങുന്നതിന് അഫിലിയേഷനുള്ള അപേക്ഷ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) 1999-2000-ന് ശേഷം ഈ കോളേജിൽ പുതിയ കോഴ്സ് അനുവദിച്ചിട്ടില്ല.

(സി) & (ഡി) കോളേജുകളിൽ നിന്ന് പ്രീഡിഗ്രി വേർപെടുത്തിയതിനെ തുടർന്ന് എല്ലാ സർക്കാർ കോളേജുകളിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് സർക്കാരിന് ബോധ്യമുണ്ട്. എന്നാൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും മറ്റും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകും.

മലബാർ മേഖലയിലെ കോളേജുകളിൽ എം. എഡ്. കോഴ്സ് ആരംഭിക്കാൻ നടപടി

60 [1463] ശ്രീ. വി. കെ. സി. മമ്മദ്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിലെ ഏതെല്ലാം ഗവൺമെന്റ് കോളേജുകളിൽ എം. എഡ്. കോഴ്സ് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly